കഥ

മണിക്കുട്ടിയുമായി ഒരു അഭിമുഖം.

ജോൺ ഇളമത

പണ്ടിങ്ങനെ കേട്ടുകേൾവി പോലും ഇല്ലായിരുന്നു. തെരുവ് പട്ടികൾ വൃദ്ധയെ കടിച്ചു കൊന്നു.ഒരു ബാലൻെറ മൂക്ക് കടിച്ചു പറിച്ചു.കാലം മാറി.തെരുവു പട്ടികൾക്കും സംഘടന,തനിതു രാഷ്ട്രീയം.കുതികാൽ വെട്ടികളായ നമ്മളേക്കാൾ സംഘടിച്ചു നിൽക്കാൻ അവകൾ പഠിച്ചിരിക്കുന്നു.വിശ്വസിക്കുന്ന ശ്വാനസമൂഹത്തെ അവ വഞ്ചിക്കില്ല.ഒരു പട്ടിക്കില്ലാത്ത വിശ്വാസവഞ്ചനയും ,കുതികാൽ വെട്ടലും നമ്മുക്കു സ്വന്തം.

അതു കാണ്ടാണ് ചങ്ങനാശ്ശേരി നഗരത്തിൽ തെണ്ടിത്തിരിഞ്ഞു നടന്ന ആ ശ്വാനമഹതിയെ ഇൻർവ്യൂ ചെയ്യാൻ ഞൻ ശ്രമിച്ചത്.ഞാനൊരു പത്രപ്രവർത്തകനല്ല.ഒരു ടിവിക്കാരനല്ല .കാനഡയിലേക്ക് കുടിയേറിയ ഒരുവൻ.നാട്ടിൽ ചെന്നപ്പോൾ ഇതേ കേൾക്കാനുള്ളൂ. ഒരു ക്യൂരിയോസിറ്റി!എന്തു പറ്റി കേരളത്തിലെ ഈ പട്ടി സമൂഹങ്ങൾക്കെന്നറിയാൻ ഒരു ജിജ്ഞാസ

ഞാൻ അവളെ ചന്തയുടെ ഓരത്ത് ബോട്ടുജട്ടിക്ക് സമീപം വച്ചാണ് കണ്ടുമുട്ടിയത്.പെറ്റു പെറ്റ് മുലകൾ തൂങ്ങിയ ഒരു പട്ടിണിക്കോലം.പേര്,'മണിക്കുട്ടി'.അവിടെ ധാരാളം പട്ടികൾ.പട്ടികളുടെ വാസസ്ഥലം അവിടെയാകാൻ പല കാരണങ്ങളുണ്ട്.പൊട്ടിപൊളിഞ്ഞ് കാലകരണപ്പെട്ട രണ്ടു തട്ടുകടൾ.ആരൊക്കയോ ഉപേക്ഷിച്ചുപോയതാണ്.മഴയും കാറ്റും കൊള്ളാതെ പട്ടികൾക്ക് അവയിൽ ശയിക്കാം,ഇണചേരാം,പെറ്റുപെരുകാം.അവകൾ നാളെയെപ്പറ്റി ചിന്തിച്ച് കൊളസ്ട്രോളും,ബ്ലഡ്പ്രഷറും കൂട്ടാറില്ലല്ലോ.ഹാർട്ടറ്റാക്ക് വിരളം.പിന്നെ ആരെങ്കിലും തല്ലിക്കൊല്ലും വരെ ആയുസ്സ്.മിക്കപ്പോഴും പട്ടിണി ആയതുകൊണ്ട് വണ്ണം വെക്കുമെന്നും ഭയപ്പെടേണ്ട.

അവിടെ പട്ടികൾ പലവിധം,ആൺപട്ടി,പെൺപട്ടി,മുറിവാലൻ പട്ടി,ഞൊണ്ടൻ പട്ടി,മുറി ചെവിയൻ പട്ടി ,കെരങ്ങൻെറ മോന്തയുള്ള പട്ടി,ഡാഷ് എന്നു വിളിക്കുന്ന കുള്ളൻ എലിപ്പട്ടി, കറുത്ത പട്ടി,വെളുത്ത പട്ടി,കടിയൻ പട്ടി,കുളിക്കാത്ത നാറിപ്പട്ടികൾ,അങ്ങനെ തെരുവ് പട്ടികളുടെ ഒരു കൂട്ടം.ചിലവ കുരക്കും,ചിലവ കൂർത്ത പല്ലുകൾ കാട്ടി മുരളും.രാത്രികാലങ്ങളിൽ ഒലിയാൻ ഇടുന്നവയുണ്ട്.എന്നാലിവക്കൊക്കെ ഒരു ചിട്ടയുണ്ട് വല്ലതും കിട്ടിയാൽ കടപിടി കൂടുക,ആർത്തിയിൽ കിട്ടുന്നതു പെട്ടന്നകത്താക്കുക.സർവൈവലിൻെറ(നിലനിൽപ്പ്) പ്രശ്നത്തിൽ സ്വാർത്ഥത വെടിയാനാവില്ലല്ലോ.കാരണം ചന്ത ആഴ്ചയിൽ രണ്ടു തവണയേ ഉള്ളൂ.അവരെറിയുന്ന ചീഞ്ഞ പച്ചക്കറികൾ,ഫലവർഗ്ഗങ്ങൾ.പിന്നെ ആശ്രയം ചന്തയിലെ ചന്തമില്ലാത്ത രണ്ടു ഹോട്ടലുകളിലെ ഉഛിഷ്ടമാണ്.ആ ലോക്ലാസ് ഹോട്ടലുകൾ പണ്ടൊക്കെ സജ്ജീവമായിരുന്നു.ബോട്ടും,ബസ്സുമെത്തിയാൽ അവിടം കുശാലായിരുന്നു.ഇപ്പോ ആർക്കു വേണമീ നാടൻ ഊണ്.കവലേ 'മെറീനാ'യിലോട്ട് ചെന്നാൽ ബാർ അറ്റാച്ചഡ് ഹോട്ടൽ.ബാറി പോയി രണ്ടെണ്ണം വിട്ടു വന്നാൽ തകർപ്പനൂണ്.കരിമിൻ വറുത്തത്,കാളാഞ്ചി കറി വെച്ചത്,പാണ്ടിക്കാളേടെ ബീഫ്.പൊറോട്ട,ബ്രോയിൽ ചിക്കൻ,മട്ടൻ ചാപ്സ് എന്നിങ്ങനെ പലയിനം.

ഞാൻ പട്ടിണി കൊണ്ട് എരിപിരി കൊണ്ട മണിക്കുട്ടിക്ക് ഒരു പൊതി ചോർ വാങ്ങി കൊടുത്തിട്ട് ഇൻറർവ്യൂ ആരംഭിച്ചു.

വാലാട്ടി എന്നെ ഒരു നക്കു നക്കിയിട്ട് മണിക്കുട്ടി കഥ ആരംഭിച്ചു:സാർ,ഞാൻ ഇവിടെ തെരുവു വേശ്യയായിരുന്ന ഒരു പെൺ കൊടിച്ചിപട്ടിക്കു പിറന്നതാണ്. സാർ,ഓർക്കണം ഒരു തെരുവ് വേശ്യയുടെ മകൾ വയസറിയിക്കും മുമ്പെ ഇവിടെ ലൈംഗീകമായി ചൂഷണം ചെയ്യപ്പെടും, പ്രത്യേകിച്ചം ഈ ചന്തയിൽ,ബോട്ടുജട്ടിയിൽ,ബസ്റ്റ് സ്റ്റാൻഡിൽ.അങ്ങനെ ഞാനും ഇവരിൽ ഒരുവളായി.സാർ!,ഞാനൊന്നു ചോദിക്കട്ടെ ആരാണിതിനൊക്കെ ഉത്തരവാദികൾ?നിങ്ങൾ മനുഷ്യരല്ലേ?പണ്ട് ഞങ്ങളുടെ കൂട്ടർ തെരുവിലൂടെ അലഞ്ഞു നടന്നു പെറ്റിട്ടില്ല.യജമാനന്മാരുടെ തടങ്കലിലായിരുന്നു പകൽ,രാത്രി തുറന്നു വിടും,വീടുകളിലെ കാവൽക്കാരായി.വലിയ വീടുകളിൽ ഗേറ്റിൽ എഴുതി വെക്കും'പട്ടിയുണ്ട്,സൂക്ഷിക്കുക'!,ഒരൊറ്റ കള്ളനും കേറത്തില്ല.സ്വാതന്ത്ര്യമില്ലാതിരുന്നേലും നേരത്തിനു നേരം നല്ല ഭക്ഷണം കിട്ടും.വംശവർദ്ധനവ് നില നിർത്താൻ കരുത്തരെ നിർത്തീട്ട് ബാക്കി എല്ലാറ്റിനേം വന്ധ്യകരണോം നടത്തും.ഇന്നോ ഞങ്ങടെ പണി മുട്ടി.ഡിജിറ്റൽ കള്ളമ്മാരല്ലേ ഇന്നു നാടാകെ.വന്നവഴി പട്ടിയെ മയക്കുമരുന്ന് മണപ്പിച്ചുറക്കും,എന്നിട്ടാ മോഷണം!

അതുകെണ്ട് ഞങ്ങടെ പണി പോയി.ഒരെജമാനനും ഞങ്ങളെ വേണ്ട. അതുകൊണ്ട് എല്ലാരും ഞങ്ങളെ തെരുവിലോട്ടു തള്ളി.പ്രാണൻ പേകും വരെ ജീവിക്കണ്ടല്ലോ. ഞങ്ങടെ സ്ഥിതി ഇപ്പോ ഇതായി,'തെരുവ് പട്ടികൾ'!.പരിസ്തിതി എന്ന് ബഹളം വച്ചോണ്ടു നടക്കുന്ന നിങ്ങടെ കൂട്ടര് നെറി കെട്ടോരാ!

അതന്താ?

സാറേ,ഞാനും എടക്കൊകെ വെശപ്പു മാറുമ്പോ ടിവി കാണാറൊണ്ട്!

എങ്ങനെ?

ദാ,അങ്ങോട്ട് നോക്ക്!അതു ബീരാംകുട്ടീടെ ഹോട്ടലാ,അങ്ങേപ്പറത്തെ നോൺ വെജിറ്റേറിയൻ ഹോട്ടൽ

പോലൊന്നുമല്ല അത്.ആകെ ഈ ചന്തേ തെരക്കൊള്ളതവടെ മാത്രമാ.ചന്ത ദിവസം ചൊമട്ടുകാരെല്ലാം ബിരിയാണി കഴിക്കുത് അവിടുന്നാ.അതാ,ഞങ്ങടെ നിലനിൽപ്പ്,അവരടെ ഉഛിഷ്ടം!ബോധമില്ലാത്തോരാ ചൊമട്ടുകാര്.അവർക്ക് വൃത്തീം വെടിപ്പുമില്ലന്ന് ബീരാംകുട്ടി മിക്കപ്പോഴുംസഹധർമിണിയായ മറിയം ഉായോട് പറേന്നത് ഞാം കേട്ടിട്ടൊണ്ട്.ആയാളാ ആത്മാർത്ഥത ഇല്ലാത്തോൻ.ദാ,കണ്ടില്ലേ അവിടെ ഒരു വീപ്പ.പട്ടി വലിച്ചെഴക്കാതെ അതിൽ എച്ചിൽ ഇടണമെന്നാ അയാടെ നിഷ്ക്കർഷ!ബോധമില്ലാത്ത ചൊമട്ടുകാരതു കേക്കുമോ!എച്ചില് അവര് ഞങ്ങടെ നരെ എറിയും.ഒരു കണക്കിന് അവരാ കാരുണ്യോളോര്.അല്ലങ്കി ഞങ്ങള് പട്ടിണി കെടന്ന് ചത്തേനേം.നോക്ക് ആ 'നോൺ വെജ്' ഹോട്ടലി ഒരു പട്ടി പോലും കേറുന്നില്ല.ആർക്കു വേണം!,അവിടത്തെ ഒണങ്ങിയ ദോശ!

ടിവി കാണുന്ന കാര്യമാ നമ്മളു പറഞ്ഞോണ്ടിരുന്നത്!

അതു പറയാം,സാറെ അതിനു മമ്പ് ഞാൻ ഞങ്ങടെ സർവൈവലിൻെറ കാര്യം ഒന്ന് മനസ്സിലാക്കി തന്നതാ.ആഴ്ച്ചേ രണ്ടു ദിവസം ചന്ത ഒള്ളപ്പഴാ ഞങ്ങള് വയറു നെറച്ച് വല്ലോം കഴിക്കുന്നത്.അവിടെ തന്നാ ടീവി!ചന്ത ഒള്ളപ്പം ചൊമട്ടുകാര് ബിരിയാണിക്കിരിക്കുഴാ ബീരാംകുട്ടി ടിവി വെക്കുന്നത്.അപ്പോ ഞാനതിൻെറ വാതുക്ക പോയി നിന്ന് ടിവികാണും.അങ്ങനെ ഒരിക്കൽ കണ്ടു നിന്നപ്പം കണ്ടു.ആന വലിയ മൃഗമാണല്ലോ!അവക്കും ജീവിക്കാൻ എടം വേണോല്ലോ!പക്ഷേ പരിസ്ഥിതി പാടി നടക്കുന്ന മനുഷ്യർ അവരടെ വാസസ്ഥലോം കയ്യേറി.കാട്വെട്ടിത്തെളിച്ച് വാഴവെച്ചു.അതേ കുറേ കാട്ടീന്ന് ആന ഇറങ്ങി തിന്നു.പിന്നെ ആകെ ബഹളം!പടക്കം പൊട്ടിച്ച് അവറ്റകളെ ഭീഷണിപ്പെടുത്തി അകറ്റുക.സാറ് പറയണം?,ആർക്കാണ് സ്വാർത്ഥത,ആർക്കാണ് സ്നേഹമില്ലായ്മ!ആരാണ് നെറിവു കെട്ടവർ!മനുഷ്യരോ,മൃഗങ്ങളോ!

ഞാൻ ചൂളപ്പോയി.വെറും ഒരു പട്ടിയുടെ തത്വജ്ഞാനം,ജ്ഞാനികളെന്നഭിമാ നിക്കന്ന മനുഷേമ്മാരെടെ അജ്ഞതേം!

ആട്ടെ,മണിക്കുട്ടിക്കിവിടെ സുഖം തന്നോ?

സുഖം,പരമസുഖം,പട്ടിണിയാണേലും.ഞങ്ങൾ പണ്ടത്തെ മുദ്രാവാക്യം അങ്ങു മാറ്റി.

എന്തോന്ന്?

'ഒരു പട്ടിക്ക് ഒരു പട്ടിയെ കണ്ടു കൂടാ'ന്നുള്ളത്,ഞങ്ങൾ ഇപ്പോൾ സംഘടിതരാണ്.അവകാശങ്ങൾക്കു വേണ്ടി ഒന്നിച്ചു നിന്ന് പോരാടും.ഇപ്പോ ഞങ്ങളുപേക്ഷിച്ച മുദ്രാവാക്യം നിങ്ങടെ കൂട്ടരെടുത്തിരിക്കുക.

എന്ത്?

ഞാമ്പറഞ്ഞത് നിങ്ങടെ കൂട്ടര് എന്തും ചെയ്യുമെന്നു തന്നെ,ഒരുത്തന് ഒരുത്തനെ കണ്ടുകൂടാ,ചതി,വഞ്ചന,കൂറുമാറ്റം,ഗോസിപ്പ്,തക്കം കിട്ടിയ സകലോം അടിച്ചും മാറ്റും.

അപ്പോ ഞാനൊന്നു ഞെട്ടി എൻെറ ചെറിയ ബാഗ് തപ്പി.അഭിമുഖത്തിനിടെ അടുത്തു വെച്ചിരുന്ന എൻെറ ചെറിയ പേക്കറ്റ് ബാഗ് അപ്രത്യക്ഷമായിരിക്കുന്നു,അതിൽ വിസാ കാർഡ്,പാസ്പോർട്ട്,കുറെ ഡോളര്,കുറച്ചധികം രൂപാ,ബാഗ് അപ്രത്യക്ഷമായിരിക്കുന്നു.

എവിടെ?,ഞാൻ ഞെട്ടി എണീറ്റു,ചുറ്റിലും പകച്ചു നോക്കി.

എന്ത്!...എന്തുപറ്റി സാർ?

എൻെറ വാലറ്റും,കാർഡുമൊക്കെ പോയതു കൂടാതെ എൻെറ പാസ്പോർട്ട് വരെ അതിലായിരുന്നു,എൻെറ അരികത്ത് വെച്ചിരുന്ന പോക്കറ്റ് ബാഗി....അതെവിടെ പോയി!ഞാൻ പരിഭ്രമിച്ചു.

അപ്പോ മണിക്കുട്ടി ശാന്തയായി മൊഴിഞ്ഞു: ഞാനപ്പഴേ വിചാരിച്ചതാ,ആ തെണ്ടി എഴുന്നേറ്റു പോയപ്പം!സാറിൻെറ ബാഗ് വെച്ചിരുന്നേൻെറ അപ്പറത്ത് ആ ഒടിഞ്ഞ പഴേ മുൻസിപാലിറ്റി വിളക്കിൻെറ കീഴെ തുണി വിരിച്ച് ഒരുത്തൻ ഭിക്ഷ യാചിച്ചുകൊണ്ടിരുന്നതു സാറു ശ്രദ്ധിച്ചില്ലേ!

ഇല്ല!

അതാ പറ്റീത്,അവൻ സാറിൻെറ ബാഗ് അടിച്ചു മാറ്റി സ്ഥലം വിട്ടതാകാം.ഞാനും ശ്രദ്ധിച്ചില്ല.ഇതിവിടെ പതിവാ,അല്ലേലും തെണ്ടിക്ക്,എന്തു മൊറാലിറ്റി,അവനും മനുഷ്യനല്ലേ!